പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 172 **26-10-2026-ൽ മറുപടിയ്ക്ക്**

ഉപയോഗശൂന്യമായ മെഡിക്കൽ ഉപകരണങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സി. കെ. കാസിം

ശ്രീ. നജീബ് കാന്തപുരം

ശ്രീ. ഫൈസൽ ബാബു

ശ്രീ. കുറുക്കോളി മൊയ്തീൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലേക്ക് കോടി കണക്കിന് രൂപ ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതെ നശിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

മറുപടി: മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രികളിലും പ്ലാൻ ഫണ്ടിലും പ്രധാനമന്ത്രി സ്വാസ്ഥ്യ യോജന (PMSSY) പദ്ധതികൾ പ്രകാരവും വാങ്ങിയ ഉപകരണങ്ങൾ നിഷ്ക്രിയമായും കമ്മീഷൻ ചെയ്യാതെയും അവശ്യ സർവ്വീസ് നടത്താതെയും ദീർഘകാലമായി കിടക്കുന്നതായും ആയത് സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടാക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിരുന്നു. ഈ സാഹചര്യം പരിശോധിക്കുന്നതിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷയായി ഒരു പ്രത്യേക അന്വേഷണ ടീം സ.ഉ (സാധാ) 2277/2026/H&FWD, തീയതി 08.07.2026 പ്രകാരം രൂപീകരിക്കുകയും വകുപ്പുതല അന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തിരുന്നു.

ഇക്കാര്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ അധീനതയിൽ ഉള്ള സ്ഥാപനങ്ങളിലെ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി വരികയുമാണ്. അന്വേഷണ റിപ്പോർട്ടുകളിന്മേൽ ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ബി) കഴിഞ്ഞ പത്ത് വർഷത്തിനിടെ ആരോഗ്യ വകുപ്പിൽ നടത്തിയ വിവിധ പർച്ചേസുകളെക്കുറിച്ച് അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

മറുപടി: ആരോഗ്യ വകുപ്പിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ നടന്ന വിവിധ പർച്ചേസുകളെക്കുറിച്ച് അന്വേഷണം നടത്തിവരുന്നു.

(സി) പർച്ചേസുകളിലെ ക്രമക്കേടുകൾ വിജിലൻസിന് കൈമാറാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

മറുപടി: പർച്ചേസുകളിൽ ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽ വരുകയാണെങ്കിൽ വിജിലൻസ് അന്വേഷണം ആലോചിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ